# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Church, 7800 W. Lyons St., Morton Grove, IL 60053
June 5 29, 2011, Volume 6, Issue 37
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm



സീറോമലബാർ സഭയുടെ പുതിയ ശ്രേഷ്ഠ മെത്രാപ്പോലിത്താ മാർ ജോർജ് ആലഞ്ചേരി പിതാവിന് ഷിക്കാഗോയിലെ ക്നാനായ ഇടവകകളുടെ പ്രാർത്ഥനാശംസകൾ!

2010 മെയ് 8ന് നമ്മുടെ സേക്രഡ് ഹാർട്ട് പള്ളിയിൽ അഭിവന്ദ്യ പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും ആദ്യകുമ്പസാരം നടത്തിയ കുട്ടികളെ ആശീർവ്വദിക്കുകയും അവർക്ക് ഉപദേശം നല്കുകയും ചെയ്തു.

Congratulations to the Newly Elected Major Archbishop of the Syro-Malabar Church. He had offered Holy Mass at our Sacred Heart Church on May 8, 2010 and blessed First Communion students after their first confession.



## ഷിക്കാഗോ സേക്രഡ് ഹാർട്ട് ഇടവകയിലെ ഈശോയുടെ തിരുഹൃദയ ദർശന തിരുന്നാൾ

### ജൂൺ 3, 4, 5 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ

ജൂൺ 3, വെള്ളി വൈകുന്നേരം 6:30 മുതൽ

പതാക ഉയർത്തൽ, തിരുസ്വരൂപം വെഞ്ചരിക്കൽ, ലദീഞ്ഞ്, പാട്ടുകുർബ്ബാന, പ്രസംഗം

മുഖ്യ കാർമ്മികർ: ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്ത്

സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ഇടവകകളുടെ മിനിസ്ട്രികൾ അവതരിപ്പിക്കുന്ന കലാസന്ധ്യ

ജൂൺ 4, ശനി വൈകുന്നേരം 5:30 മുതൽ

ലദീഞ്ഞ്, പാട്ടുകുർബ്ബാന, പ്രസംഗം, പ്രസുദേന്തി വാഴ്ച, നൊവേന, കപ്ലോൻ വാഴ്ച.

സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ഇടവകകളുടെ കൂടാരയോഗങ്ങൾ അവതരിപ്പിക്കുന്ന കലാസന്ധ്യ





ജൂൺ 5, ഞായർ രാവിലെ 10:00 മുതൽ

ലദീഞ്ഞ് , തിരുന്നാൾ കുർബ്ബാന, പ്രസംഗം

മുഖ്യ കാർമ്മികർ: ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്

വാദ്യമേളങ്ങളോടുകൂടിയ ആഘോഷമായ തിരുന്നാൾ പ്രദക്ഷിണം

അടിമ വയ്ക്കൽ, ലേലം.

ഗായകസംഘം: വെള്ളി - ചിൽഡ്രൻ, ശനി - സെന്റ് മേരീസ്, ഞായർ - സേക്രഡ് ഹാർട്ട്

പ്രസുദേന്തിമാർ: സേക്രഡ് ഹാർട്ട് ഇടവകയിലെ സെന്റ് അൽഫോൻസാ കൂടാരയോഗാംഗങ്ങൾ

**MAIN FEAST OF SACRED HEART KNANAYA CATHOLIC CHURCH, CHICAGO IN HONOR OF THE MOST SACRED HEART OF JESUS**

**June 3rd Friday at 6:30 P.M.**

**Main Celebrant: Mar Jacob Angadiath** ***(Bishop of St. Thomas Syro-Malabar Diocese of Chicago)***

**Variety Entertainments after church services by Ministries of Sacred Heart and St. Mary's Parishes**

**June 4th Saturday at 5:30 P.M.**

**Variety Entertainments after church services by Koodara Yogams of Sacred Heart and St. Mary's Parishes**

**June 5th, Sunday at 10:00 A.M.**

**Main Celebrant: Mar Mathew Moolakkattu** ***(Archbishop of Kottayam)***

***Colorful procession with Indian Drums***

***Choir: Friday - Children Team, Saturday - St. Mary's Team, Sunday - Sacred Heart Team***

**Feast Sponsored by St. Alphonsa Koodara Yogam of Sacred Heart Parish.**

## STAFF

**Pastor: Fr. Abraham Mutholathu Jacob**
**(773) 412-6254 (cell)**
**mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Sacred Heart and St. Mary's.**
**5:30 P.M. at St. Mary's.**
**English Mass at 11:40 A.M. at both churches.**
**MONDAY - THRUSDAY 7:00 P.M. St. Mary's.**
**FRIDAY 6:00 P.M. at St. Mary's and**
**7:00 P.M. at Sacred Heart.**
**SATURDAY 10:00 A.M. at both churches.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M. at both churches.**

## ADORATION

**First Fridays after Mass at both churches.**
**Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass at both churches.**
**St. Jude on Thursdays at 7:00 P.M. at St. Mary's.**
**St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.**

## PRAYER GROUP

**Sundays after 10:00 A.M. Mass at both churches.**

## ROSARY

**Monday - Friday at 5:30 P.M. at St. Mary's.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass at Sacred Heart.**

## LEGION OF MARY

**1st and 3rd Saturdays after Mass at Sacred Heart.**
**Every Thursday after 7:00 P.M. Mass at St. Mary's.**




June 2011

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

### FRIDAY, JUNE 3, 2011
Holy Mass at St. Mary's at 6:00 P.M.
Adoration at St. Mary's after the Mass by St. Peter and Paul Koodara Yogam.
Main Feast of Sacred Heart Church at 6:30 P.M.
Main Celebrant: Bishop Mar Jacob Angadiath.
Entertainments by the Ministries of Sacred Heart and St. Mary's Churches.

### SATURDAY, JUNE 4, 2011
Holy Mass and Novena at St. Mary's at 10:00 A.M.
Adoration, First Confession and rehearsal for First Holy Communion and Chrismation at Maywood at 10:00 A.M.
No Holy Mass at Sacred Heart at 10:00 A.M.
Second Day of Main Feast at Sacred Heart Church at 5:30 P.M. followed by Entertainments by Koodara Yogams of Sacred Heart and St. Mary's Churches.

### SUNDAY, JUNE 5, 2011
Holy Mass at St. Mary's at 10:00 A.M.
Main Feast of Sacred Heart Church at 10:00 A.M.
Main Celebrant: Archbishop Mar Mathew Moolakkattu.
Holy Mass at St. Mary's at 5:30 P.M.

### MONDAY, JUNE 6, 2011
Holy Mass at St. Mary's at 7:00 P.M.

### TUESDAY, JUNE 7, 2011
Holy Mass at St. Mary's at 7:00 P.M.

### WEDNESDAY, JUNE 8, 2011
Blessed Mariam Thresia.
Holy Mass at St. Mary's at 7:00 P.M.

### THURSDAY, JUNE 9, 2011
Holy Mass and novena at St. Mary's at 7:00 P.M.

### FRIDAY, JUNE 10, 2011
No Holy Mass at St. Mary's at 6:00 P.M. and Sacred Heat at 7:00 P.M.
Centenary Celebration by Knanaya Region at 7:00 P.M. at St. Mary's Church. Main Celebrant: Archbishop Mar Mathew Moolakkattu. Concelebrants: Priests of the Knanaya Region and visiting priests from Kottayam.

### SATURDAY, JUNE 11, 2011
Holy Mass and Novena at St. Mary's at 10:00 A.M.
Syro-Malankara Holy Mass at Maywood at 10:00 A.M. by Fr. Lallu Kaitharam
St. Peter and Paul Koodara Yogam at the house of Joy Indikkuzhy.

### SUNDAY, JUNE 12, 2011
The Feast of Pentecost
Holy Mass at St. Mary's at 10:00 A.M.
First Holy Communion at Sacred Heart at 10:30 A.M. followed by lunch at the church.
Holy Mass at St. Mary's at 5:30 P.M.

### MONDAY, JUNE 13, 2011
St. Anthony of Padua
Holy Mass at St. Mary's at 7:00 P.M.
Class on Sacraments of Initiation for parents and godparents at Morton Grove after 7:00 P.M. Holy Mass.

### TUESDAY, JUNE 14, 2011
Holy Mass at St. Mary's at 7:00 P.M.

### WEDNESDAY, JUNE 15, 2011
Holy Mass at St. Mary's at 7:00 P.M.

# വികാരിയുടെ സന്ദേശം



## ശതാബ്ദിയും ദശാബ്ദിയും ക്നാനായ റീജിയണും

എന്റെ പ്രിയ സഹോദരങ്ങളേ,

അടുത്ത വാരാന്ത്യം നമുക്ക് രണ്ടു സുപ്രധാന ആഘോഷങ്ങളുടെ അവസരമാണ്. കോട്ടയം മിസ്സം 1911 ആഗസ്റ്റ് 29ന സ്ഥാപിതമായതിന്റെ ശതാബ്ദി ക്നാനായ റീജിയന്റെ ആഭിമുഖ്യത്തിൽ ജൂൺ 10 വെള്ളിയാഴ്ച നമ്മുടെ സെന്റ് മേരീസ് പള്ളിയിൽ ആഘോഷിക്കുന്നതാണ്. അന്ന വൈകുന്നേരം 7:00ന് കോട്ടയം അതിരൂപതാദ്ധ്യക്ഷനും ആഗോള ക്നാനായ കത്തോലിക്കരുടെ ഗോത്രത്തലവനുമായ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടു പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കുന്ന സമൂഹബലിയിൽ ക്നാനായ റീജിയണിലെ എല്ലാ വൈദികരും, കോട്ടയം അതിരൂപതയിൽനിന്ന സന്ദർശനത്തിനെത്തുന്ന വൈദികരും സഹകാർമ്മികരായിരിക്കും.

അടുത്ത വാരാന്ത്യത്തിലെ മറ്റൊരു ആഘോഷം നാം അംഗങ്ങളായിരിക്കുന്ന ഷിക്കാഗോ സെന്തോമസ് സീറോ-മലബാർ രൂപതയുടെ പത്താമതു വാർഷികമാണ്. ജൂൺ 11 ശനിയാഴ്ച രാവിലെ 10:00ന് മാർതോമ്മാശ്ലീഹാ കത്തീഡ്രലിൽ അഭിവന്ദ്യ പിതാക്കന്മാരുടെയും രൂപതയിലെ എല്ലാ വൈദികരുടെയും കാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചുകൊണ്ടാണ് അത് ആചരിക്കുക. ഈ ആഘോഷത്തിൽ മറ്റു പിതാക്കന്മാരോടും വൈദികരോടുമൊപ്പം മാർ മാത്യു മൂലക്കാട്ടു പിതാവും ക്നാനായ റീജിയണിലെ എല്ലാ വൈദികരും പങ്കെടുക്കുന്നതാണ്.

ചരിത്ര പ്രധാനമായ ഈ രണ്ട് ആത്മീയ ആഘോഷങ്ങളിലും പങ്കെടുക്കുവാൻ നമ്മുടെ രണ്ട് ഇടവകകളിലെയും അംഗങ്ങളെയും ക്നാനായ റീജിയണിലെ മറ്റെല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു.

അഭിവന്ദ്യ മാർ മാത്യു മാക്കീൽ പിതാവ് ത്യാഗം സഹിച്ച് ക്നാനായക്കാർക്കു മാത്രമായി കോട്ടയം മിസ്സം നേടിയെടുത്തത് എന്തുകൊണ്ട്? തനതായൊരു സഭാസംവിധാനത്തിലൂടെ കത്തോലിക്കാ സഭയുടെ ഭാഗമായിനിന്നേ ക്നാനായ കത്തോലിക്കരെ *ഒരുമയിൽ, തനിമയിൽ, വിശ്വാസ നിറവിൽ* നിലനിർത്തുവാനും വളർത്തുവാനും കഴിയൂയെന്ന് പൂർവ്വകാല ചരിത്രത്തിലൂടെയും സ്വന്തം അനുഭവത്തിലൂടെയും അദ്ദേഹത്തിനു ബോധ്യമായിരുന്നു. മറ്റു സുറിയാനി മെത്രാന്മാരുടെ സമ്മതംവാങ്ങിയും റോമിലേയ്ക്ക് ദുർഘടയാത്ര നടത്തിയും അദ്ദേഹം അതു നേടിയെടുത്തപ്പോൾ സമുദായത്തിനുണ്ടായ കുതിച്ചുകയറ്റം അത്ഭുതാവഹമായി. അതിന്റെ സൽഫലങ്ങളാണ് നാമിന്ന് അനുഭവിക്കുന്നത്.

മേൽപ്രതിപാദിച്ച കഷ്ടപ്പാടുകൾ സഹിക്കാതെ, ക്നാനായക്കാരുള്ളിടത്തെല്ലാം ക്നാനായ സംഘടനകൾ സ്ഥാപിച്ച് അവർക്കൊരു കേന്ദ്രനേതൃത്വവുമുണ്ടാക്കി സമുദായത്തെ സംഘടിപ്പിക്കാമായിരുന്നു. എന്നാൽ കുടിയേറ്റകാലം മുതൽ പള്ളികൾ സ്ഥാപിച്ചും പതിനാറാം നൂറ്റാണ്ടുവരെ തങ്ങൾപോന്ന കൽദായ സഭയിൽ നിന്നുള്ള അജപാലകരുടെ ശുശ്രൂഷയിൽ വളർന്നുംപോന്ന ക്നാനായ സമുദായം വെറും ഭൗതിക ലക്ഷ്യമുള്ള സമുദായമായാൽ പോരെന്നും അങ്ങനെ വംശശുദ്ധി നിലനിർത്താനാവില്ലെന്നും മാക്കീൽ പിതാവിന് അറിയാമായിരുന്നു. "ഹിന്ദുവിൽ പോയാലും മക്കളെ നിങ്ങള്, ബന്ധങ്ങൾ വേർപിടാതോർക്കണമെപ്പോഴും" എന്നുപദേശിച്ച അതേ പൂർവ്വികർതന്നെ "പത്തു മൊരേഴുമങ്ങെപ്പോഴും ചിന്തിപ്പിൻ" എന്നു പറഞ്ഞ് പത്തു കല്പനകൾക്കും ഏഴു കൂദാശകൾക്കും പ്രാധാന്യം നല്കി. ഇപ്രകാരം സ്വർഗോന്മുഖമായി തന്റെ ജനത്തെ വളർത്തുവാൻ സ്വന്തം പള്ളികൾ മാത്രമല്ല, രൂപതയും വേണമെന്ന് അദ്ദേഹം ദൃഢനിശ്ചയമെടുത്തിരുന്നു. അതാണ് നമുക്ക് ഇന്നും ആവശ്യം.

ക്നാനായക്കാർ വടക്കേ അമേരിക്കയിൽ കുടിയേറിയപ്പോൾ ഇതേ നയം എന്തേ അന്നത്തെ കോട്ടയം മെത്രാനായിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവു സ്വീകരിക്കാതിരുന്നത് എന്നത് പ്രസക്തമായ ചോദ്യമാണ്. ഷിക്കാഗോയിൽ സീറോ മലബാർ രൂപത 2001ൽ സ്ഥാപിക്കുന്നതുവരെ ഇവിടെ കുടിയേറിയ ക്നാനായക്കാരുൾപ്പെടെയുള്ള സീറോമലബാറുകാരെല്ലാം ലത്തീൻ രൂപതകളുടെ കീഴിലായിരുന്നു. അക്കാലത്ത് ക്നാനായ മിഷനുകൾ സ്ഥാപിക്കേണ്ടത് ലത്തീൻ മെത്രാന്മാരായിരുന്നു. അവർക്ക് ക്നാനായക്കാരുടെ എൻഡോഗമി അഗ്രാഹ്യമായിരുന്നു. അതിനോടു യോജിക്കുവാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു. മാത്രമല്ല ക്നാനായക്കാർ അക്കാലത്തു പള്ളികൾ സ്ഥാപിച്ചാൽ അവ ലത്തീൻ രൂപതകളുടെ പേരിലാകേണ്ടിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ക്നാനായ മിഷനുകൾ ലത്തീൻ രൂപതകളുടെ കീഴിൽ സ്ഥാപിക്കുന്നതോടൊപ്പം വംശീയത പരിപോഷിപ്പിക്കുവാൻ ക്നാനായ സംഘടനകളും കമ്മ്യൂണിറ്റി സെന്ററുകളും അഭിവന്ദ്യ കുന്നശ്ശേരി പിതാവു പ്രോത്സാഹിപ്പിച്ചത്.

കുന്നശ്ശേരി പിതാവിന്റെ ആത്യന്തിക ലക്ഷ്യം ക്നാനായക്കാർക്ക് അമേരിക്കയിൽ സീറോമലബാർ സംഭാസംവിധാനം നാട്ടിലേതുപോലെ ഉണ്ടാകുകയായിരുന്നു. അതിനു പ്രഥമ പടിയായി അമേരിക്കയിൽ സീറോമലബാർ രൂപത ഉണ്ടാകുവാൻ അദ്ദേഹം വേണ്ട സ്വാധീനം ചെലുത്തി. അങ്ങനെ 2001ൽ ഷിക്കാഗോ സീറോമലബാർ രൂപത സ്ഥാപിതമായപ്പോൾ നമുക്കു ക്നാനായ മിഷനുകളും പള്ളികളും സ്ഥാപിക്കുവാനും, ക്നാനായ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സേവനം പ്രയോജനപ്പെടുത്തുവാനും കൂടുതൽ സൗകര്യമായി.

നാമിനിയും വളരേണ്ടതുണ്ട്. ലത്തീൻ സഭയുടെ കീഴിൽ ഇരുപതോളം വർഷംകൊണ്ട് നാം എട്ടു മിഷൻ സ്ഥാപിച്ചപ്പോൾ

### നുറുങ്ങുവെട്ടം

**ദൈവത്തിനു പകരം**
**കാളക്കുട്ടിയെ ആരാധിച്ച**
**വരെപ്പോലെ പള്ളിക്കു പകരം**
**മറ്റൊന്നിനെ പ്രതിഷ്ഠിക്കരുത്.**



## ORDER OF STATUES TO GO IN PROCESSION AND KOODARA YOGAMS TO CARRY THEM

*(K.Y. = Koodara Yogam)*

1. Mother Theresa – St. Peter & Paul Koodaya Yogam (Thomas Appozhiparambil)
02. St. Alphonsa – St. Alphonsa Koodaya Yogam (Joy Varakalayil)
03. Little Flower – Little Flower Koodaya Yogam (James Thirunelliparambil)
04. St. John Nepomucene – St. Xavier Koodaya Yogam (Jino Kakkattil)
05. St. Antony – St. Antony Koodaya Yogam (Jojo Parumanathettu)
06. St. Vincent de Paul – St. Theresa Koodaya Yogam (Thampy Viruthikulangara)
07. St. Augustine – St. Augustine Koodaya Yogam (Jose Thazhathuvettathu)
08. St. Sebastian – St. Sebastian Koodaya Yogam (Shibu Mulayanikunnel)
09. St. Stephen – St. Stephen K.Y. (Joy Kudasseril)
10. St. Jacob – St. James K.Y. (Jojo Analil)
11. St. Jude – St. Jude K.Y. (Saji Mullappally)
12. St. Thomas – St. Thomas K.Y. (John Elakkatt)
13. St. Michael – St. Michael Koodaya Yogam (Sajan Mudiyoorkunnel)
14. St. Joseph – St. Joseph K.Y. (Stephen Chollampel)
15. Mother Mary – Lourde Matha Koodaya Yogam (Benny Kanjirapparayil)
16. Infant Jesus – Infant Jesus Koodaya Yogam (Mathai Aikkarapparambil)
17. Sacred Heart – St. Alphonsa K.Y. (Jose Kaniyaly)

*(Continued from page 3)*

പിന്നീടുള്ള പത്തു വർഷംകൊണ്ട് 11 മിഷൻകൂടി സ്ഥാപിക്കുകയും എട്ടു പള്ളികൾ വാങ്ങുകയും ചെയ്തു. എല്ലാ ക്നാനായക്കാരെയും ക്നാനായ മിഷനുകളെയും ഇടവകകളെയും ഉൾപ്പെടുത്തി ക്നാനായ റീജിയണും അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് നമുക്ക് അനുവദിച്ചു. കൂടുതൽ മിഷനുകളും പള്ളികളും സ്ഥാപിച്ച് റീജിയൺ വളരുമ്പോൾ, ക്നാനായക്കാരുടെ മാത്രമായ കോട്ടയം മിസ്സം പോലെ ഇവിടെയും ക്നാനായ രൂപത നമുക്ക് കരഗതമായേക്കും. അപ്പോഴാണ് ഈ സമുദായം അമേരിക്കയിൽ കൂടുതൽ പ്രബലമാകുക.

കോട്ടയം മിസ്സം സ്ഥാപിച്ച വി. പത്താം പിയൂസിന്റെയും, അതിനായി ത്യാഗം സഹിച്ച ദൈവദാസനായ മാർ മാക്കീൽ പിതാവിന്റെയും, കോട്ടയം അരമനയും കത്തീഡ്രലും സന്ദർശിക്കുകയും രൂപതാ സ്ഥാപനത്തെ സ്ഥിരീകരിച്ച് പ്രതിസന്ധി ഘട്ടത്തിൽ നമ്മെ സഹായിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെയും മാദ്ധ്യസ്ഥം ഇക്കാര്യത്തിൽ നമുക്ക് തേടാം. അതോടൊപ്പം ക്നാനായ റീജിയന്റെ വളർച്ചയ്ക്ക് നമുക്ക് ഉത്സാഹത്തോടെ പ്രവർത്തിക്കുകയും ചെയ്യാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. എബ്രഹാം മുത്തോലത്ത്

## CENTENARY CELEBRATIONS OF THE DIOCESE OF KOTTAYAM IN CHICAGO BY KNANAYA REGION



**At St. Mary's Church, Morton Grove**
**On Friday June 10th at 7:00 P.M.**
**Main Celebrant of Holy Mass:**
**Archbishop Mar Mathew Moolakkattu**
**Concelebrants: All priests of the Knanaya Catholic Region.**

## ANGELES' MEET IN JUNE 10TH



**As part of the Centenary Celebrations of the Archdiocese of Kottayam by Knanaya Region in Chicago, we will have Angeles' Meet for the Holy Mass by Archbishop Mar Mathew Moolakkatt and Knanaya Region Priests at St. Mary's Knanaya Catholic Church of Chicago at 7:00 P.M. on Friday June 10th. All Religious Education Students and staff of Sacred Heart and St. Mary's churches are invited to come in white dress and sit in the front rows for the Holy Mass.**

## പാവനസ്മരണയ്ക്ക്

**37th Death Anniversary** | **35th Death Anniversay**





**ജോസഫ് (ഏപ്പ്)** | **അച്ചുസാർ**

**മണ്ണാർകാട്ടിൽ, നീണ്ടൂർ**

മരണം: 06-20-1974 | മരണം: 06-01-1976

*- സന്തപ്ത കുടുംബാംഗങ്ങൾ*

# File Photos of Major Archbishop's Visit to Sacred Heart Church



സീറോ മലബാർ സഭയുടെ പുതിയ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി കോട്ടയം തുരുത്തിയിൽ 1945 ഏപ്രിൽ 19 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദിക പഠനത്തിനുചേർന്ന അദ്ദേഹം 1972 ഡിസംബർ 18ന് വൈദികപട്ടം സ്വീകരിച്ചു. കേരളാ സർവകലാശാലയിൽ നിന്നു സാമ്പത്തികശാസ്ത്രത്തിൽ രണ്ടാം റാങ്കോടെയാണ് അദ്ദേഹം ഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ദൈവശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ ബിരുദാനന്തരബിരുദവും അദ്ദേഹം കരസ്ഥമാക്കി. ഫ്രാൻസിലെ സർബോണെ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി.

1976 മുതൽ 78 വരെ ചങ്ങനാശേരി അതിരൂപത മതബോധന ഡയറക്ടറായി അദ്ദേഹം പ്രവർത്തിച്ചു. തുടർന്ന് കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി, പാലാരിവട്ടം പി.ഒ.സി. ഡയറക്ടർ, കോട്ടയം പൗരസ്ത്യ വിദ്യാപീഠം പ്രഫസർ, ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ പദവികളും വഹിച്ചു. തുടർന്ന് തക്കല രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു. 1996-ൽ രൂപം കൊണ്ട തക്കല രൂപതയുടെ പ്രഥമ മെത്രാനായി 1997 ഫെബ്രുവരി രണ്ടിനാണ് അദ്ദേഹം ചുമതലയേറ്റത്. ചങ്ങനാശേരി അതിരൂപതയുടെ ഭാഗമായിരുന്ന, തമിഴ്നാട് അതിർത്തിയിൽ വരുന്ന പ്രദേശങ്ങൾ ചേർത്താണ് തക്കല രൂപത രൂപീകരിച്ചത്.

We gratefully remember the visit of our new Major Archbishop Mar George Alanchery at Sacred Heart Church in Chicago on Saturday, May 8, 2010. He was Bishop of Thakkala in India at that time. He offered Holy Mass and blessed our First Communion Students after their first confession on that day.





## ക്നാനായ റീജിയൺ വിവാഹിതരെയും പ്രായമായവരെയും ആദരിക്കുന്നു.

ക്നാനായ റീജിയന്റെ ആഭിമുഖ്യത്തിൽ ജൂൺ 10 വെള്ളിയാഴ്ച വൈകുന്നേരം 7:00 മണിക്ക് സെന്റ് മേരീസ് പള്ളിയിൽ നടക്കുന്ന കോട്ടയം അതിരൂപതാ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി 2011ൽ വിവാഹത്തിന്റെ 10, 25, 50 എന്നീ വാർഷികങ്ങൾ ഉള്ളവരെയും, 50 വർഷത്തിനുമേൽ വിവാഹ ജീവിതം നയിച്ച ദമ്പതികളെയും, 70 വയസ്സ് മുതൽ പ്രായമുള്ളവരെയും ആദരിക്കുന്നതാണ്.

ഈ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർ ക്നാനായ റീജിയൺ ഫാമിലി കമ്മീഷൻ ചെയർമാൻ റ്റോണി പുല്ലാപ്പള്ളി, റീജിയൺ പി.ആർ.ഓ. ജോർജ് തോട്ടപ്പുറം, സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് പള്ളികളിലെ കൈക്കാരന്മാർ എന്നിവരിൽ ആരെങ്കിലുമായി കഴിവതും വേഗം ബന്ധപ്പെടുക. ദിവ്യബലിയുടെ പ്രാരംഭ പ്രദക്ഷിണത്തിലും അവർക്കു പങ്കെടുക്കാവുന്നതാണ്.

## Wedding Banns

© J. S. Paluch Co., Inc.

Dustin Thomas son of Stephen and Late Valsamma Mudeekunnel from St. Jude Knanaya Catholic Mission of South Florida with Pretty Cyriac daughter of Cyriac and Molly Kaniyamparambil from St. Mary's Knanaya Catholic Parish, Chicago to be held on June 30, 2011 at Uzhavoor in India. (1/3).

Naveesh Cyriac son of Cyriac and Molly Kaniyamparambil from St. Mary's Knanaya Catholic Parish, Chicago with Jeenu James daughter of James and Sibi Vellapallil, Piravom to be held in Kerala on July 7, 2011. (1/3)

# Feast Celebration of St. Michael at St. Mary's





## FIRST HOLY COMMUNION AND CHRISMATION AT SACRED HEART



The First Holy Communion and Chrismation of the Scared Heart Religious Education School Students will be held on Sunday June 12th at 10:30 A.M. All are invited for the Eucharistic Celebration and the banquet at the church arranged by the parents.

## TENTH ANNIVERSARY CELEBRATION OF SYRO-MALABAR DIOCESE OF CHICAGO

All of us are invited to take part in the 10th anniversary Celebration Holy Mass of the St. Thomas Syro-Malabar Catholic Diocese of Chicago to be held on Saturday, June 11th at 10:00 A.M. at Mar Thomas Sleha Cathedral Church in Bellwood. Archbishop Mar Mathew Moolakkatt and priests of the Knanaya Catholic Region will concelebrate in this Jubilee Mass along with other bishops and priests from the diocese.



## READINGS & READERS തിരുഹൃദയ തിരുന്നാൾ (Feast of the Most Sacred Heart of Jesus)

| READINGS | JUNE 3 | SACRED HEART 6:30 P.M. | JUNE 4 | SACRED HEART 5:30 P.M. |
|---|---|---|---|---|
| 1ST | Mal. 1:6-11 | Sherly Vanchipurakal | Gen. 13:8-18 | Shibu Mulayanikunnel |
| 2ND | Eph. 5:1-5 | Shawn Mookkettu | Rom. 15:1-6 | Arun Kothaladiyil |
| GOSPEL | Math. 11:25– 30 | Come to me all who are tired. | John 10:7-18 | I lay down my life for my sheep. |

## READINGS & READERS തിരുഹൃദയ തിരുന്നാൾ / ഉയിർപ്പു കാലം (Seventh Sunday of Resurrection)

| JUNE 5 | READINGS | SACRED HEART 10:00 A.M. | READINGS | ST. MARY'S 10:00 A.M. |
|---|---|---|---|---|
| 1ST | Josh. 8:18-29 | Jimmy Kaniyalil | Is. 6:1-13 | Rahul Mattathiparampil |
| 2ND | Rom. 9:30-10:10 | Nikhil Chakariyamthadathil | Phi. 2:1-11 | Antony Valloor |
| GOSPEL | Jn. 19:31-37 | The pierced heart | Mk. 16:9-20 | Missionary work of the disciples |

## READINGS & READERS ശതാബ്ദിയാഘോഷം (Centenary Celebration Mass)

| JUNE 10 | READINGS | THEME | ST. MARY'S 7:00 P.M. |
|---|---|---|---|
| 1ST | Dt. 26:16-19 | You are a holy people | Thomman Puthenpurayil |
| 2ND | 1 Jn.4:12-21 | Receive the spirit of God | Shiney Tharathattel |
| GOSPEL | John 17:1-5 | Eternal life means knowing Jesus Christ | |

## READINGS & READERS First Holy Communion / ശ്ലീഹാക്കാലം (The Feast of Pentecost)

| JUNE 12 | READINGS | SACRED HEART 10:30 A.M. | READINGS | ST. MARY'S 10:00 A.M. |
|---|---|---|---|---|
| 1ST | Acts 2:1-6 | Sijo Koladiyil | Act. 2:1-13 | Liz Maria Ealoor |
| 2ND | 1 Cor. 11:23-30 | Isabel Malithuruthel | 1 Cor. 12:1-11 | Gibbin George Poothara |
| GOSPEL | Luke 22:7-20 | This is my body and blood | Jn. 16:5-15 | The work of the Holy Spirit. |



## PRE-MARRIAGE COURSE

The next pre-marriage course by the Knanaya Catholic Region will be held at St. Mary's Knanaya Catholic Church, Morton Grove from June 24th to 26, 2011. For reservation, please contact Tonny Pullappally @ 630-205-5078.

## IMPORTANT UPCOMING EVENTS

**June 3,4,5 (Fri.-Sunday):** Main Feast of Sacred Heart Church.
**June 10 Friday** 7:00 P.M. Centenary Celebration of the Archdiocese of Kottayam by the Knanaya Region at St. Mary's Church, Morton Grove.
**June 11 Saturday** 10:00 A.M. Tenth Anniversary Celebration Holy Mass at Syro-Malabar Cathedral, Bellwood.
**June 12 Sunday** at 10:30 A.M. First Holy Communion and Chrismation of Sacred Heart Church.
**June 24 - 26** (Friday - Sunday) Pre-marriage Course at St. Mary's.
**July 17 Sunday** First Anniversary Celebration of St. Mary's Church.
**August 5 - 7** (Friday - Sunday) Main Feast of St. Mary's Church.
**August 21 - 29** Centenary Celebrations in Kerala.
**September 11** Agape Day at St. Mary's and Sunday Reopening of Religious Education Schools.

| OFFERINGS | May 29 |
|---|---|
| **ST. MARY'S, MORTON GROVE** | |
| St. Jude Novena | 118.00 |
| Sunday Offerings 10:00 A.M. | 1,505.00 |
| Evening Mass at 5:30 P.M. | 157.00 |
| Sponsors | 1,500.00 |
| St. Michael Feast Statue offering | 777.00 |
| St. Michael Feast Kazhunnu | 1,165.00 |
| Fund Raising | 12,750.00 |
| Facility Usage | 1,150.00 |
| Building Fund | 1,100.00 |
| **TOTAL ST. MARY'S** | **20,222.00** |
| **SACRED HEART, MAYWOOD** | |
| Sunday 10:00 A.M. Mass | 938.00 |
| Guadalupe Shrine | 74.00 |
| Facility Usage | 750.00 |
| Building Fund | 100.00 |
| Wedding Donation | 200.00 |
| **TOTAL MAYWOOD** | **2,062.00** |
| **AGAPE MOVEMENT** | |
| St. Mary's Store | 116.00 |
| Sacred Heart Store | 50.00 |
| **TOTAL AGAPE** | **166.00** |

